# തീയ്യിനോട്ടു പറയുന്നു, കത്തരുതെന്ന്

സുകുമാർ ക്ലർക്കഞ്ചേരി

ഇന്ന് പീഡനവും വാണിഭവും ഒരേ വാക്കാണെന്ന് ക്ലാസ് മുറിയിൽ പഠിപ്പിക്കേണ്ട സ്ഥിതിയിലായിരിക്കുന്നു. മുമ്പൊക്കെ പീഡനം എന്നു പറഞ്ഞാൽ അർത്ഥം യാതനയെന്നും, വാണിഭം എന്നു വച്ചാൽ കച്ചവടമെന്നുമായിരുന്നു. എന്നാൽ പുരോഭാഗത്ത്, സ്ത്രീയെന്നോ, പെണ്ണെന്നോ ചേർത്ത് സ്ത്രീ പീഡനമെന്നോ, പെൺ വാണിഭമെന്നോ പറഞ്ഞാൽ രണ്ടല്ലെന്ന് കൊച്ചു കുഞ്ഞുങ്ങൾക്കു പോലും അറിയാം.

കേരളത്തിൽ സ്ത്രീ പീഡനങ്ങൾ ദിനം പ്രതി വർദ്ധിച്ചുവരുന്നതായി കണക്കുകൾ സാക്ഷ്യം പറയുന്നു. കഴിഞ്ഞ വർഷം തന്നെ ആറായിരത്തിൽ കൂടുതൽ പീഡനങ്ങളും, അഞ്ഞൂറിലധികം ബലാത്സംഗങ്ങളും ഈ സംസ്ഥാനത്ത് മാത്രം സംഭവിച്ചു

ജോലിയില്ലാത്ത ചെറുപ്പക്കാർ കുറ്റകൃത്യങ്ങൾ ചെയ്തു ജീവിക്കുന്നുവത്രേ. സൗന്ദര്യമുള്ള സ്ത്രീകൾ വേശ്യാവൃത്തി ചെയ്യും. കുറ്റകൃത്യങ്ങൾ ഏതു വിധേനയായാലും ഇരുപത് ശതമാനം കൂടി. നമ്മുടെ പത്രമാധ്യമങ്ങൾ പീഡനം എന്ന വാക്കുപേക്ഷിച്ച് ക്രൂരമായ ബലാത്സംഗമെന്ന് തന്നെ പറയാൻ ധൈര്യം കാണിക്കണമെന്ന് ഒരു പൊതു പ്രതികരണം ഉയർന്നു കേൾക്കുന്നു. എങ്കിൽ കുറേക്കൂടി ഭീകരതയും വെറുപ്പും കേൾക്കുന്നവരിലുണ്ടായേക്കാം. അതു വഴി ശക്തമായ ഒരു ബഹുജന പ്രതിരോധശ്രേണി തന്നെയും രൂപപ്പെട്ടേയ്ക്കാം.

'ജീവിക്കാൻ മറ്റൊരു വഴിയും കാണാത്തതുകൊണ്ട് കൂലിക്കു കാലു വെട്ടാൻ നടക്കുന്നു' എന്ന് പരസ്യമായി പറയുന്ന യുവാവിനെ മലയാളത്തിലെ ഒരു ചാനൽ ഈയ്യിടെ മുഖംമൂടി കൊടുത്ത് അവതരിപ്പിക്കുകയുണ്ടായി.

ഇന്റർനെറ്റ് കഫേകൾക്ക് കടിഞ്ഞാണിടേണ്ടതിന്റെ അനിവാര്യതയെപ്പറ്റി ചർച്ചകൾ നടക്കുന്നു. കുട്ടികൾ ഇന്റർനെറ്റിലൂടെ കുറച്ച് നഗ്നത ആസ്വദിക്കുന്നതിൽ അപാകതയില്ലെന്ന് പറയുന്നത് ഒട്ടും ശരിയല്ലെന്ന് വാദം. ചെറിയ ഒരളവ് വീതം മദ്യം ദിവസേന കഴിക്കുന്നത് ആരോഗ്യദായകമെന്ന് പറയും പോലെ അസംബന്ധമത്രേ അത്. കാരണം പോകെപ്പോകെ എല്ലാവരും ചെറിയ ശീലങ്ങൾക്ക് അടിമപ്പെട്ടു പോകും. ജീവിതത്തിൽ മറ്റെല്ലാറ്റിനോടുമുള്ള ഉദാസീനത വർദ്ധിപ്പിക്കാൻ നഗ്ന ചിത്രങ്ങൾക്കാവുമെന്നത് മനഃശ്ശാസ്ത്രജ്ഞരൊക്കെ സമ്മതിക്കുന്ന സത്യം. അതുകൊണ്ടു തന്നെ ഇന്റർനെറ്റ് കഫേകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയാലേ അരുതാത്തത് പക്വതയില്ലാത്ത പ്രായത്തിൽ നമ്മുടെ കുഞ്ഞുങ്ങളിൽ എത്താതിരിക്കൂ എന്ന വാദത്തിന് പ്രസക്തിയുണ്ട്.

ചിട്ടകളില്ലെങ്കിൽ ഏതു നിമിഷവും കയറു പൊട്ടിക്കാവുന്ന മനസ്സുമായി ജനിക്കുന്നവരല്ലോ മനുഷ്യർ. ഉദാഹരണം നമ്മുടെ നാട്ടിലെ സിനിമയും ചാനലുകളും തന്നെ. മത്സരിച്ചു നഗ്നമേനി കാണിച്ച് പണമുണ്ടാക്കാനേ നമ്മുടെ അഭിനേത്രികൾ ശ്രമിക്കുന്നുള്ളൂ. കലയുടെ പേരും പറഞ്ഞ് സ്ത്രീസൗന്ദര്യത്തെ എങ്ങനെയൊക്കെ ചൂഷണോപാധിയാക്കി ജീവിക്കാമെന്ന് സംവിധായകരും ഛായാഗ്രാഹകരും ചിന്തിക്കുന്നു. ഇതിനിടയിൽ സ്ത്രീപീഡനവും പെൺവാണിഭവും അനുബന്ധ കുറ്റകൃത്യങ്ങളും വർദ്ധിക്കുന്നു എന്ന മാത്രമാണ് ഭരണവർഗ്ഗത്തിന്റെ കണ്ടെത്തൽ.

എങ്ങനെ ഇതൊക്കെ സംഭവിക്കാതിരിക്കും?

എല്ലാ തരം വൃത്തികേടുകൾക്കും സദാ വാതിലുകൾ തുറന്നിട്ടുകൊടുത്തുകൊണ്ടാണ് നാമെല്ലാം വീടുകളിൽ ഓരോ ടെലിവിഷൻ പെട്ടി സ്ഥാപിച്ചിരിക്കുന്നത്. തുറന്നാൽ ഉടനെ കാണുന്നതോ – പെണ്ണിന്റെ നഗ്നതയും പ്രലോഭിപ്പിക്കുന്ന ചേഷ്ടകളും!

എന്നിട്ടോ – വെടിമരുന്നിന്റെ തൊട്ടരികെത്തന്നെ തീക്കനലും കൊണ്ടു വച്ചിട്ട് തീയ്യിനോട്ടു പറയുന്നു: കത്തരുതെന്ന്!

– എന്തൊരു വിരോധാഭാസം!